K21P 0166

Reg. No.: ..............................

Name : ..............................

**IV Semester M.A. Degree (C.B.S.S. – Reg./Suppl. (Including Mercy Chance)/Imp.) Examination, April 2021**
**(2017 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 4C 13 : Kerala Culture**

Time : 3 Hours Max. Marks : 80

I. **രണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) ആരാധനാക്രമങ്ങൾക്ക് കാലാനുസൃതമായ പരിവർത്തനം വേണമെന്ന ചിന്തയുടെ ഫലമായിരുന്നു ഉദയം പേരൂർ സൂനഹദോസും കൂനൻ കുരിശുകലാപവും. ഈ അഭിപ്രായം പരിശോധിക്കുക.

2) സാഹസികരും പ്രകൃത്യുപാസകരുമായിരുന്നു കേരളത്തിലെ ആദിമനിവാസികൾ. വ്യക്തമാക്കുക.

3) മികച്ച പണ്ഡിതരും വിദ്വൽജ്ജനപുരസ്കർത്താക്കളുമായിരുന്നു കോലത്തിരിമാർ. വിശദമാക്കുക.

4) അന്യമതസ്ഥരോട് കേരളഭരണാധികാരികൾ പുലർത്തിയിരുന്ന ഉദാരമനോഭാവത്തിനുപരിയായ രാഷ്ട്രീയ പ്രാധാന്യം ജൂതശാസനത്തിനുണ്ടായിരുന്നു. ഈ അഭിപ്രായം അപഗ്രഥിക്കുക.

5) കേരളത്തിൽ പുതിയ തൊഴിൽ സംസ്കാരം രൂപപ്പെടാൻ ഇതരസംസ്ഥാന തൊഴിലാളികളുടെ കടന്നു വരവ് കാരണമായിട്ടുണ്ട്. ഈ പ്രസ്താവനയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം കാര്യകാരണസഹിതം വിശദീകരിക്കുക. **(5×4=20)**

II. **നാലു**പുറത്തിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

6) ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ കർക്കശമായിരുന്നു കേരളത്തിൽ നിലവിലിരുന്ന ജാതിവ്യവസ്ഥ. സമർത്ഥിക്കുക.

7) പ്രാചീനകേരളത്തിൽ ബുദ്ധജൈനമതങ്ങൾക്ക് ലഭിച്ചിരുന്ന പ്രചാരത്തിന് ചരിത്രപരമായ തെളിവുകൾ എന്തെന്നു വ്യക്തമാക്കുക.

8) സംഘകാലത്തെ സാമൂഹികജീവിതത്തെക്കുറിച്ചു വിവരിക്കുക.

P.T.O.

9) യുദ്ധത്തിനു മാത്രമല്ല സമാധാനപാലനത്തിനും ചാവേറ്റുപട ഉപയോഗപ്പെട്ടിരുന്നു. ഈ അഭിപ്രായം വിശദമാക്കുക.

10) കേരളത്തിന്റെ സാമൂഹിക സാഹചര്യങ്ങളിൽ ഭൂപരിഷ്കരണം വരുത്തിയ മാറ്റങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.

11) ആദ്യകാലസാമൂതിരിമാരുടെ ഭരണത്തിൽ കോഴിക്കോടു തുറമുഖം നേടിയെടുത്ത വാണിജ്യാഭിവൃദ്ധി വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽനിന്നു ഗ്രഹിക്കാം. വിശദമാക്കുക.

12) തിരുവിതാംകൂറും ഡച്ചുകാരുമായുണ്ടായ യുദ്ധങ്ങളും അവയുടെ അനന്തര ഫലങ്ങളും വ്യക്തമാക്കുക.

13) ആധുനിക കേരളത്തിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ചരിത്രം വിശദമാക്കുക.

14) സാങ്കേതിക വിദ്യയുടെ വികാസം പുതിയ മാധ്യമസംസ്കാര നിർമ്മിതിക്കു കാരണമായിട്ടുണ്ട്. വിശദീകരിക്കുക.

15) വിജ്ഞാനവ്യാപനകേന്ദ്രങ്ങളെന്ന നിലയിൽ സർവകലാശാലകൾക്കുള്ള സ്ഥാനം വെളിപ്പെടുത്തുക. **(5×6=30)**

III. **ആറു**പുറത്തിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

16) കേരളചരിത്ര രചനയ്ക്കു സഹായകമായ ഉപാദാനസാമഗ്രികളേതെല്ലാം ? വിശദീകരിക്കുക.

17) ആരാധനാലയങ്ങൾ എന്നതിനു പുറമെ സാമൂഹികവും സാംസ്കാരികവും ധിഷണാപരവുമായ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയായിരുന്നു കേരളത്തിലെ ക്ഷേത്രങ്ങൾ. ചർച്ച ചെയ്യുക.

18) ടിപ്പു സുൽത്താന്റെ ദ്രോഹപ്രവൃത്തികൾക്ക് ചരിത്രഗ്രന്ഥങ്ങൾ മുൻതൂക്കം നൽകുമ്പോൾ അതിനെതിരായ അഭിപ്രായങ്ങളും ഉയർന്നു വന്നിട്ടുണ്ട്. രണ്ടു സമീപനങ്ങളുടെയും യുക്തികൾ പരിശോധിക്കുക.

19) സ്വാതന്ത്ര്യസമരത്തിൽ കേരളത്തിന്റെ സംഭാവനകൾ വസ്തുനിഷ്ഠമായി അപഗ്രഥിക്കുക.

20) മലയാളഗദ്യത്തിന്റെയും സാഹിത്യത്തിന്റെയും വികാസത്തിൽ ആദ്യകാല പത്രമാസികകൾ വഹിച്ച പങ്ക് സംഗ്രഹിക്കുക.

21) കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന്റെ ഉദയത്തിനിടയാക്കിയ സാഹചര്യങ്ങളും അതിന്റെ ഫലമായുണ്ടായ മാറ്റങ്ങളും വിവരിക്കുക.

22) ദൃശ്യകലാരംഗത്ത് കേരളത്തിനുള്ള തനതുപാരമ്പര്യം ക്ഷേത്രകലകളെയും നാടോടിക്കലകളെയും ആധാരമാക്കി പരിശോധിക്കുക.

23) കേരളത്തിലെ ദായക്രമത്തെപ്പറ്റിയുള്ള ചരിത്രപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

24) 'മതസൗഹാർദ്ദമാണു കേരളസംസ്കാരത്തിന്റെ മുഖമുദ്ര' ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക. **(3×10=30)**

---